# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4837 — 24.07.2015 -ൽ മറുപടിക്ക്

## സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധന

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി) |
| (എ) സ്വകാര്യ മെഡിക്കൽ ലാബുകളിലെ പരിശോധനാഫലങ്ങളെക്കുറിച്ച് പരാതികൾ ഉണ്ടാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തെറ്റായ പരിശോധനാഫലങ്ങൾ നൽകുന്നതു മൂലം പലപ്പോഴും രോഗികളുടെ ജീവന് തന്നെ അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുന്ന ഇത്തരം ലാബുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (ബി) ലാബുകളുടെ ഗുണമേൻമ ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനാ സംവിധാനങ്ങളുടെ അഭാവം നിലവിലുണ്ട്. സ്വകാര്യ ആശുപത്രികളിലും ലബോറട്ടറികളിലും ഉണ്ടായിരിക്കേണ്ട സൗകര്യത്തെക്കുറിച്ചുള്ള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. നിലവിൽ പൊതുജനാരോഗ്യത്തിന്റെ പരിധിയിൽപ്പെടുത്തി പരിമിതമായ തോതിൽ സേഫ് കേരള പ്രോഗ്രാമിന്റെ ഭാഗമായി അനധികൃതമായി പ്രവർത്തിക്കുന്നതോ, ഗുണമേൻമയില്ലാതെ പരിശോധന നടത്തുന്നതുമായ ലാബുകൾക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പരിശോധനാതലങ്ങളിൽ പിഴവു വരുത്തുന്ന സ്വകാര്യ മെഡിക്കൽ ലാബുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | (സി) സ്വകാര്യ ലാബുകളുടെയും, ആശുപത്രികളുടെയും നിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ എന്നൊരു ബിൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. ആയതിൻമേൽ നിയമനിർമ്മാണം പൂർണ്ണമാകുന്നതോടെ മാത്രമേ ഇത്തരം പ്രവർത്തികൾ തടയുന്നതിനുള്ള വ്യവസ്ഥകൾ നിലവിൽവരുകയുള്ളൂ. |

സെക്ഷൻ ഓഫീസർ